സർപ്പോത്സവം

നാഗത്തറയ്ക്കു മുന്നിലായി തയ്യാറാക്കിയ 7 കോൽ ചതുരത്തിൽ ഉള്ള മണിപ്പന്തലിനുള്ളിൽ പുള്ളവർ സർപ്പക്കളം ഒരുക്കുന്നതിന്റെ മുന്നൊരുക്കമാണ് അത് നോക്കി കുറച്ചുനേരം മാധവ് നിന്നു.

പന്തലിനു നാലുവശങ്ങളിലും കുരുത്തോലയും പുഷ്പങ്ങളും കൊണ്ട് അലങ്കരിച്ചിരിക്കുകയാണ് .കന്നിമൂലയിൽ ഗണപതി പ്രസാദം തയ്യാറാക്കി സമർപ്പിച്ച ശേഷം പണിക്കർ കളം വരയ്ക്കാൻ ആരംഭിച്ചു. ആരും കാണാതിരിക്കാൻ ചുറ്റും പടുത കൊണ്ട് മറച്ചിരിക്കുകയാണ്.

ചിരട്ടകളിൽ വ്യത്യസ്തമായ രീതിയിൽ തുളകളിട്ട് വിവിധ വർണ്ണങ്ങൾ ഉള്ള പൊടികൾ കൊണ്ടാണ് അവർ കളം വരയ്ക്കുന്നത്. മഞ്ഞൾപൊടിയും അരിപ്പൊടിയും വാക പൊടിയും റോസ്, നീല നിറത്തിലുള്ള സിന്ദൂരങ്ങളും ചുണ്ണാമ്പും ചേർത്ത മിശ്രിതങ്ങൾ കൊണ്ട് അവർ നാഗ ദൈവത്തിന്റെ രൂപം വരയ്ക്കാൻ തുടങ്ങി.

കറുത്തുനിറത്തിനായി ഉമി കരിച്ചുണ്ടാക്കിയ ഉമിക്കരി പൊടിച്ചതും പച്ചനിറത്തിനായി വാഗമരത്തിന്റെ പച്ചില വെട്ടി വെയിലിൽ ഉണക്കി ഉരലിൽ ഇട്ട് പൊടിച്ചെടുത്തതും ആണ് ഉപയോഗിക്കുക.

മണിക്കൂറുകൾ നീണ്ട പ്രയതത്തിനൊടുവിൽ വ്യത്യസ്തമായ വർണ്ണങ്ങളോടും രൂപങ്ങളോടും കൂടി തയ്യാറാക്കുന്ന നാഗരൂപം എല്ലാവരെയും വിസ്മയിപ്പിക്കാറുണ്ട് . പല വിധ വർണ്ണങ്ങളാൽ ചാലിച്ച് മണ്ണിൽ രൂപപ്പെടുത്തിയെടുക്കുന്ന ആ സുന്ദരമായ കലാരൂപം പിണിയാളുകൾക്ക് പൂക്കുല കൊണ്ട് മായ്ച്ചുകളയാനാണല്ലോ എന്നോർത്തപ്പോൾ മാധവിന് ദുഃഖം തോന്നി. എത്ര വൈദഗ്ദ്ധ്യമായാണ് വർണ്ണപ്പൊടികൾക്കിടയിൽ പ്രൗഢഗംഭീരനായ നാഗരാജാവിന്റെ ചിത്രം അവർ വരച്ചെടുക്കുന്നത്.

കുറച്ചു നേരം നോക്കി നിന്ന് ശേഷം മാധവ് കൂട്ടുകാരനായ അനിരുദ്ധിന്റെ അടുത്തേക്ക് ചെന്നു .അനിരുദ്ധ് സർപ്പോത്സവം പ്രമാണിച്ച് വന്നതാണ്. അവന് തിരുവനന്തപുരത്ത് സർക്കാർ ജോലി ലഭിച്ചിട്ട് ആറുമാസമേ ആയിട്ടുള്ളൂ .

കുടുംബക്കാർ എല്ലാവരും ഭക്ഷണം കഴിക്കുന്ന തിരക്കിലാണ്. അവരിൽ നിന്നുംമാറിനിൽക്കുന്ന വിശ്വമ്മാവനേയും ബന്ധുക്കളെയും നോക്കിയിട്ട് അനിരുദ്ധ്

Edit with WPS Office

ചോദിച്ചു

"വിശ്വമ്മാവനല്ലേ അത്. ഇവർ എപ്പോൾ വന്നെടാ "

"ഇന്നലെ .എല്ലാവരും ഉണ്ട്. മകൾ ഹേമ, മകൻ ബാബു, അമ്മായി തങ്കമണി അമ്മായിയുടെ അമ്മ.  ഹേമയുടെ പേരിലുള്ള വഴിപാടാണ് ഇന്നു നടക്കുന്ന സർപ്പം തുള്ളൽ.ചെറുപ്പത്തിലെ ഇവിടം വിട്ടു പോയതാ വിശ്വമ്മാവൻ.വലിയ പണക്കാരൻ ആണ് ".

അനിരുദ്ധൻ ഈർഷ്യയോടെ പറഞ്ഞു.

നാടുവിട്ടു പോയവർ പണക്കാരായി തിരിച്ചു വരുന്ന സിനിമാക്കഥ പോലെയുണ്ട്. സ്വന്തം അമ്മയെ നോക്കാത്തവനാണ് അമ്മായിയമ്മയെ അമ്മക്കു പകരം കൊണ്ടു നടക്കുന്നത്. "

പണിക്കർ വരച്ച കളം പൂർത്തിയായി

വ്രതം അനുഷ്ഠിക്കുന്ന ആൺകുട്ടിയേയും പെൺകുട്ടിയേയും കളത്തിന് ഇരുവശവും ആയി നിർത്തി. കാപ്പ്, കന്യാവ് എന്നാണവരെ വിളിക്കുക

വിശ്വമ്മാവനും  ഹേമയും ദക്ഷിണ നൽകി കളം ഏറ്റുവാങ്ങി. പുള്ളോർക്കുടത്തിന്റേയും വീണയുടേയും ശബ്ദങ്ങൾ മെല്ലെ ഉയർന്നു. ആളുകൾ ധാരാളമായി എത്തുവാൻ തുടങ്ങി.

"ഇന്നു  തീർന്നില്ലെങ്കിൽ നാളെ ഞാൻ ജോലിക്കു പോകും. "

മാധവ് പറയുന്നതു കേട്ട് അനിരുദ്ധ് ദേഷ്യപ്പെട്ടു. '

" നീ പറയുന്ന കേട്ടാൽ ഞങ്ങളാരും ജോലിയില്ലാത്തവരാണെന്നു തോന്നുമല്ലോ"

പിന്നെ ചിരിച്ചു കൊണ്ട് മാധവിന്റെ അടുത്തേക്കു വന്ന് രഹസ്യമായി ചെവിയിൽ മന്ത്രിച്ചു.

Edit with WPS Office

"ഞങ്ങൾ ചിലതൊക്കെ അറിയുന്നുണ്ട് മോനേ..നീ ജോലി ചെയ്യുന്ന അമ്പലത്തിൽ ഒരു പെങ്കൊച്ചു വരാറുണ്ടന്നോ അവളുമായി പ്രേമമാണെന്നോ ഒക്കെ. "

"ഒന്നു പോടാ.. "

ചമ്മലോടെയുള്ള മാധവിന്റെ നിൽപ്പുകണ്ട് അനിരുദ്ധ് വീണ്ടും ചിരിച്ചു.

"ചമ്മണ്ട അവളു കാണാനല്ലേ നീ അമ്മയെക്കൊണ്ട് കുടുംബശ്രീന്ന് ലോണെടുപ്പിച്ച് സ്വർണ്ണമാല വാങ്ങിയത്. "

മാധവ് ഒരു നനഞ്ഞ ചിരിയോടെ തന്റെ കഴുത്തിലെ മാലയിൽ മെല്ലെ തലോടി. "പിന്നല്ലാതെ. അവളുടെ കണ്ണ് എന്റെ നെഞ്ചത്താണ് എപ്പോഴും '

"പിന്നേ നിന്റെ സിക്സ് പാക്ക് ബോഡി കണ്ടിട്ടാവും "

അനിരുദ്ധ് കളിയാക്കി.  മാധവിനെപ്പോലെ അത്ര വലിയ ഭംഗിയില്ലാത്ത, സാമ്പത്തികമായി താഴ്ന്ന, മെലിഞ്ഞ ഒരുവനെ ഒരു പെൺകുട്ടി ഇഷ്ടപ്പെടുകയെന്നു വെച്ചാൽ അവനിലെന്തെങ്കിലും കഴിവുകൾ ഉണ്ടായിട്ടാവും. സോപാനഗായകർക്ക് സൗന്ദര്യമോ ശരീരവടിവോ വേണ്ട. ഇടയ്ക്കയോടൊപ്പമുള്ള ഗീതാലാപനം മാത്രം മതി.

മാധവ് പറഞ്ഞു.

" ഈ ഡിസംബറിൽ ഞങ്ങളുടെ കല്യാണം നടക്കും"

"എന്താണ് നിന്റെ അവളുടെ പേര് ? "

അനിരുദ്ധ് വിടാനുള്ള ഭാവമില്ല.

Edit with WPS Office

ശ്രുതി.

"ശ്രുതി തെറ്റാതെ പാടണേ "

ഒന്നു പോടാ

മാധവിന് അവന്റെ അച്ഛന്റെ ജോലിയാണ് കിട്ടിയത്. കാട്ടൂർ അമ്പലത്തിലെ സോപാനം വായിക്കുന്നത് അവന്റെ അച്ഛൻ കൃഷ്ണനായിരുന്നു. അദ്ദേഹം മരിച്ചപ്പോൾ ആ ജോലി മാധവിനു ലഭിച്ചു.

പുള്ളോർക്കുടത്തിന്റെ ശബ്ദം ഉച്ചസ്ഥിയിലായി. കറുത്ത സുന്ദരിയായ സ്ത്രീ പുള്ളൂർകുടവും പണിക്കർ വീണയും വായിച്ചുകൊണ്ട് പാടാൻ തുടങ്ങി.

മനം കവരുന്ന നാടൻപാട്ടിന്റെ സാദൃശ്യമുള്ള പാട്ടിന് ഒരു പ്രത്യേക താളമുണ്ടായിരുന്നു. ഹൃദയത്തിന്റെ നനുത്ത കവാടങ്ങളിൽ ചേതനയെ ഉത്തേജിപ്പിക്കുന്ന, മോഹിപ്പിക്കുന്ന മാന്ത്രികശബ്ദവും താളവും വീണയുടെ ശബ്ദത്തോടെ ചേർന്ന് ഇണചേർന്നു പിണഞ്ഞു .

പുള്ളോർക്കുടത്തിന്റെ ശബ്ദത്തെ ചേർത്തു തഴുകി ആലിംഗനം ചെയ്തു വായുവിലൂടെ ഒഴുകുകയാണ്. ആ ശബ്ദത്തിന്റെ മാസ്മരികതയിൽ വൃക്ഷലതാദികളും വായുവും കോൾമയിർകൊണ്ട് നിശ്ചലം നിൽക്കുന്നു

ആർപ്പോ ... ഹൊയ് ... ഹൊയ് "

ആളുകൾ ആർത്തുവിളിക്കുകയാണ് . സ്ത്രീകൾ തുള്ളിയുറഞ്ഞ് കളത്തിലേക്കിറങ്ങാൻ തുടങ്ങി. നാഗദൈവങ്ങൾ മനുഷ്യ ശരീരത്തിൽ പ്രവേശിച്ച് അവർ നാഗ ദൈവങ്ങളായി മാറുകയാണ്.

സർപ്പക്കളത്തിന് വലം വെയ്ക്കുകയും നാഗങ്ങളെ പോലെ ഇഴയുകയും ചെയ്യുന്നു. ഇവരെ പിണിയാളുകൾ എന്നാണ് വിളിക്കുന്നത്. വെള്ളവുംഇളനീരും ശിരസ്സിൽ ഒഴിച്ച് തണുപ്പിക്കുകയാണ് ചെയ്യുക.

പുള്ളോൻ പാടുന്നതിനൊപ്പം കൂടെയുള്ള സ്ത്രീയും മനോഹര സ്വരത്തിൽ പാടുന്നു.

Edit with WPS Office

" ഈ സ്ത്രീയെ നമ്മൾ എത്ര നാളായി കാണുന്നതാണ് .അവർക്ക് ഒരു മാറ്റവുമില്ല പണ്ട് കണ്ടപോലെതന്നെ . അല്ലേടാ "

പുള്ളുവത്തിയെ നോക്കി അനിരുദ്ധ് പറഞ്ഞപ്പോൾ അത് ശരിയാണെന്ന് മാധവിനും തോന്നി. ഒരു നിമിഷം... മാധവിന്റെ മുഖവും ശരീരവും വലിഞ്ഞുമുറുകി. ദേഹം വിറയ്ക്കാൻ തുടങ്ങി. അതുകൊണ്ട് അനിരുദ്ധ് ഭയന്നുപോയി .

" എടാ മാധവേ എന്തുപറ്റി ...? "

അപ്പോഴേക്കും മണ്ണിലേക്ക് വീണ് മാധവ് ഇഴയാൻ തുടങ്ങി ഇഴഞ്ഞെത്തിയത് സർപ്പംതുള്ളൽ നടക്കുന്ന പന്തലിൽ. തുള്ളുന്ന സ്ത്രീകൾക്കിടയിലേക്ക് ഒരു പുരുഷൻ കടന്നുവന്നത് കണ്ട് പണിക്കന് ഉത്സാഹമേറി. അയാൾ സർവ്വശക്തിയുമെടുത്ത് പാടാൻ തുടങ്ങി .

മാധവിന്റെ ശിരസ്സിൽ ഭക്തന്മാർ പനിനീരും വെള്ളവും ഇളനീരും ഒഴിക്കാൻ തുടങ്ങി. ഭക്തിയുടെ ഇന്ദ്രജാലത്തിൽ വിറളി പിടിച്ച മാധവ് കളത്തിനു ചുറ്റും ഓടി നടന്നു പിന്നെ ഇഴഞ്ഞു. ഇടയ്ക്ക് തൂണുകളിൽ പിടിച്ചു ഞെളിപിരിപൂണ്ടു. വിവിധ വർണ്ണങ്ങൾ കൊണ്ട് നിർമ്മിച്ച നാഗരൂപത്തിന് മുന്നിലായി നാഗരാജാവായി മാധവ് ഇഴഞ്ഞു നടന്നു.

മാധവിന്റെ കണ്ണുകൾ ചുവന്നിരുന്നു. നാവുകൾ നീട്ടി സിൽക്കാരങ്ങൾ പുറപ്പെടുവിച്ച് ആളുകൾക്കിടയിൽ അവൻ നാഗങ്ങളെ തിരഞ്ഞു ഭക്തന്മാർക്കിടയിൽ  നാഗറാണി നിൽക്കുന്നതു കണ്ടു .

അവളുടെ മിഴിമുനകളിൽ കാമത്തിന്റെ ഒളിയമ്പുകൾ .മുഖത്ത് സ്നേഹത്തിന്റെ വാടാമലരുകൾ വിടർന്ന് പരിമണം പടർത്തുന്നു. നാഗപ്പൂവിന്റെ സുഗന്ധം. തലയിലെ രത്നകിരീടത്തിലെ നാഗമാണിക്യം ഉള്ള നാഗരൂപം വെട്ടിത്തിളങ്ങി. അധരങ്ങളിൽ കാമദേവന്റെ വിലാസലോല വശ്യത. പാൽപ്പുഞ്ചിരി . ഒരു വെണ്ണക്കൽ ശില്പം പോലെ നിൽക്കുന്ന അവളെ അവൻ മാടിവിളിച്ചു.

ചിത്ര വൈഢൂര്യമണിഞ്ഞ ഈ സർപ്പക്കളം നിൻെറ സ്പർശനസുഖം തേടുകയാണ്. വരൂ പ്രിയതമേ... ഇവിടെ വന്ന് ഈ ആഘോഷങ്ങളിൽ പങ്കെടുക്കൂ ഈ കളത്തിലെ വാഗമരപ്പച്ചയിൽ നീന്തിത്തുടിക്കൂ. നമുക്ക് ഒന്നിച്ച് ആനന്ദ നൃത്തമാടാം. ആകാശ നിറമുള്ള നിൻെറ കണ്ണുകളിൽ ലോകത്തിന്റെ  സമസ്ത സൗന്ദര്യവും ആവാഹിച്ചു നിൽക്കുന്നു.

Edit with WPS Office

ഹേമയ്ക്ക് എല്ലാം അത്ഭുതമായിരുന്നു കുടുംബ ക്ഷേത്രത്തിലെ നാഗരാജാവിനെയും നാഗ റാണിയെയും കുറിച്ച് അച്ഛനെപ്പോഴും കഥകൾ പറയുമായിരുന്നു. ഐതീഹ്യങ്ങൾ, അത്ഭുതങ്ങൾ, നാടൻ ജനങ്ങളുടെ വിശ്വാസങ്ങൾ, ആചാരങ്ങൾ ഒക്കെയും അത്ഭുതങ്ങളായിരുന്നു.

നാട്ടിലെ വിശേഷങ്ങൾ കേൾക്കുമ്പോൾ അച്ഛന്റെ നാട്ടിൽ പോയി സർപ്പക്കാവും അച്ഛന്റെ ബന്ധുക്കളെയും കാണണമെന്ന് അതിയായി ആഗ്രഹിച്ചിരുന്നു. ചെറുപ്പത്തിലെന്നോ നാടുവിട്ട് പട്ടാളത്തിൽ ചേർന്ന അച്ഛന് നാടുമായി വലിയ ബന്ധമുണ്ടായിരുന്നില്ല. അച്ഛമ്മ മരിക്കും വരെ കത്തയയ്ക്കുമായിരുന്നു. എന്നാൽ ഒരിക്കൽ പോലും സ്വന്തം അമ്മയെ കാണാൻ പോകാൻ കൂട്ടാക്കിയില്ല..അതു കൊണ്ടുതന്നെ പഴയ കഥകളാണ് അച്ഛൻ പറഞ്ഞുതന്നിട്ടുള്ളത്. പക്ഷേ ശ്രോതാക്കൾക്കും പഴയ കഥകളാണ് ഇഷ്ടം. പഴയതിന് വീര്യം കൂടും. വീഞ്ഞിനും അനുഭവങ്ങൾക്കും.

അച്ഛന്റെ ഓർമ്മയിലുള്ള പലരും ജീവനോടെയില്ല. പൊതുവേ പരുക്കനായ അച്ഛനെ നാട്ടിൽ വഴിപാടിന് എത്തിയ ശേഷം വലിയ മൗനം ഉണ്ടായിരുന്നു.

മാധവിനെ ചൂണ്ടിക്കാട്ടി അവൾ ചോദിച്ചു

"അച്ഛാ ഏതു നാഗമാണ് ആ പയ്യന്റെ ശരീരത്തിൽ കയറിയത്. "

അവളുടെ ചോദ്യം വീണയുടെ ശബ്ദത്തിൽ മുങ്ങിപ്പോയി

മറുപടി പറഞ്ഞത് അമ്മയാണ്

നാഗരാജാവാണ്. ശക്തിയുള്ള നാഗദൈവമാണെന്നാണ് കേട്ടിട്ടുള്ളത്. "

മാധവ് അവളെ കളത്തിലേക്ക് ക്ഷണിച്ചപ്പോൾ അവൾ നാഗരാജാവിനെ കണ്ടു. സ്വർണ്ണനിറമുള്ള വലിയൊരു സർപ്പം കണ്ണുകൾ ഇന്ദ്രനീലക്കല്ലുകൾ പോലെ തിളങ്ങുന്നു. വാലിൽ ഉയർന്നു നിന്ന് ഫണം വിടർത്തി നാഗരാജാവ് തന്റെ നാഗ റാണിയെ വിളിക്കുകയാണ്.

Edit with WPS Office

നാവുകൾ പുറത്തേക്ക് ഇടക്കിടെ നീട്ടി സീൽക്കാരങ്ങൾ പുറപ്പെടുവിക്കുന്നു. സീൽക്കാരങ്ങൾക്ക് കൊടുങ്കാറ്റിന്റെ ശക്തി. ഇഴയുമ്പോൾ ഭൂമിക്കടിയിൽ ദേവദുന്ദുഭി മുഴങ്ങുന്നു.പാതാളങ്ങൾ വിറക്കുന്നു .നാഗലോകം കുലുങ്ങുന്നു .

അച്ഛൻ പറഞ്ഞു കേട്ട നാഗരാജാവ് മനുഷ്യസ്പർശമേറ്റ് ആനന്ദ നൃത്തം ആടുകയാണ്. മാധവൻ എഴുന്നേറ്റ് അവളുടെ കൈകളിൽ പിടിച്ച് മുഖത്തേക്ക് ഭസ്മം ഊതി തെറിപ്പിച്ചപ്പോൾ ഹേമ നാഗറാണിയായി മാറുകയായിരുന്നു .

"ഈ സർപ്പോത്സവ രാവിൽ നമുക്ക് ആനന്ദിക്കാൻ മനുഷ്യർ നിർമ്മിച്ച സർപ്പക്കളത്തിൽ നമുക്ക് ആഹ്ലാദിച്ച് ഉല്ലസിക്കാം വർണ്ണമുകളങ്ങൾ ഇതൾ വിരിച്ച മനോഹര തല്പത്തിൽ മതി മറന്നാവേശം കൊള്ളാം. വിലാസലോലഭാവങ്ങളിൽ നീ സന്തോഷിക്കുക. ഈ ആഘോഷരാവുകൾ അവസാനിക്കുമ്പോൾ നമുക്ക് നമ്മുടെ നാഗലോകത്തേക്ക് പോകാം"

കയ്യിൽ ഇരുന്ന മഞ്ഞൾപ്പൊടി ശിരസ്സിൽ പതിപ്പിച്ച് അവളുടെ നാസാരന്ധ്രങ്ങളിലേക്ക് തന്റെ ശ്വാസം ഊതിയിറക്കുമ്പോൾ നിശ്വസിക്കാനാവാതെ അവൾ മണ്ണിൽ കിടന്നു പിടഞ്ഞു. പിന്നെ എഴുന്നേറ്റ് കളത്തിന് ചുറ്റും ഓടി. നാഗരാജാവായ മാധവിനെ ആശ്ലേഷിച്ചു .

ചുറ്റും തെളിഞ്ഞു കത്തുന്ന നിലവിളക്കുകളുടെ പ്രഭയിൽ പഞ്ചവർണ്ണക്കളം വെട്ടി തിളങ്ങി. ആഘോഷങ്ങളുടെ നവരസ താളങ്ങൾ പുള്ളോർക്കുടത്തിന്റെ അകമ്പടിയോടെയുള്ള വീണയുടെ നാദധാര കേട്ട് കളത്തിനു മുന്നിൽ നൃത്തചുവടു കൾ വെക്കുന്ന തരുണീമണികൾക്കിടയിൽ നാഗരാജാവായി അവനും നാഗറാണിയായി അവളും നിറഞ്ഞാടി.

പരസ്പര ആലിംഗനബദ്ധരായും കൊക്കുരുമിയും പഞ്ചവർണ്ണക്കിളികളായി കളത്തിന് ചുറ്റും അവർ പറന്നു നടന്നു .

പണിക്കർ വരച്ച സർപ്പക്കളത്തിൽ തന്റെ രൂപം അവൻ അവൾക്ക് കാട്ടിക്കൊടുത്തു. അവൾ അവന്റെ തോളിൽ തലചായ്ച്ചും ആശ്ലേഷിച്ചും നടന്നു .

ഹേമയുടെ അച്ഛനും സഹോദരനും അതൊക്കെ

Edit with WPS Office

സഹിക്കാവുന്നതിനുമപ്പുറമായിരുന്നു .അവർ ക്രൂദ്ധമായി മാധവനെ നോക്കുന്നത് അനിരുദ്ധൻ കണ്ടു. വിശ്വമ്മാവൻ  എന്ന് എല്ലാവരും വിളിക്കുന്ന ഹേമയുടെ അച്ഛൻ ചെയ്തിട്ടുള്ള ദുഷ്ടതകൾ അനിരുദ്ധൻ കേട്ടിട്ടുണ്ട്.

നാഗരാജാവും നാഗറാണിയും സ്വയം മറന്നാടുകയാണ് .നനഞ്ഞ വസ്ത്രത്തിൽ നിറഞ്ഞുനിൽക്കുന്ന ഹേമയുടെ  യൗവനത്തെ സ്ത്രീകൾ ആരൊക്കെയോ ചുവന്ന പട്ടുകൊണ്ട് ചുറ്റിമറയ്ക്കുന്നു .ഒന്നും തന്നെ അവൾ അറിയുന്നില്ല .

"കൂവളം പൂക്കുന്ന കാടാണ് സർവ്വനാഗം വസിക്കുന്ന ക്ഷേത്രമാണ് "

പുള്ളുവനും പുള്ളുവത്തിയും  പാടുന്ന പാട്ടിൽ അവർ അവിടൊരു നാഗലോകം പടുത്തുയർത്തി.  ചുറ്റും നാഗമാണിക്യം പ്രഭ വിതറി. രത്ന സിംഹാസനത്തിലിരുന്ന നാഗരാജാവ് തന്റെ പ്രേയസിയെ പ്രണയപൂർവ്വം ആശേകഷിക്കുന്നത്  ചുറ്റും നിന്നവരിൽ കൗതുകമുയർത്തി.

ഒടുവിൽ ആഹ്ലാദത്തിന്റെ മൂർത്തിമത് ഭാവവും കടന്ന് പിണിയാളുകൾ എല്ലാവരും കളത്തിലേക്ക് ഇറങ്ങി. കമുകിൻ പൂക്കുല  ഉപയോഗിച്ച് അവർ മനോഹരമായ വർണ്ണക്കളം മായ്ച്ചുകളഞ്ഞു. ചിലർ അതിൽ കിടന്നുരുണ്ടു. നാവ് തുടരെത്തുടരെ  നീട്ടി സീൽക്കാരങ്ങൾ പുറപ്പെടുവിച്ച് ചിരിച്ചുകൊണ്ട് നാഗരാജാവായ മാധവും നാഗറാണിയായ ഹേമയും അവർക്കിടയിലൂടെ നടന്നു.

അവൻ  അവളുടെ കണ്ണിലേക്ക് ഉറ്റു നോക്കി.

" നമുക്ക് നമ്മുടെ ലോകത്തേക്ക് പോകണ്ടേ?"

അവൾ പറഞ്ഞു '

"സർപ്പോത്സവം കൊണ്ട് ആനന്ദിക്കാനായി നമ്മളെ ക്ഷണിച്ചു വരുത്തിയ ഭക്തന്മാരാണ് ഇവർ . പറഞ്ഞയക്കാതെ പോകുവതെങ്ങനെ?"

"ഇനി രാത്രിയിലും തുള്ളലുണ്ട് "

Edit with WPS Office

ആരോ ബോധമുള്ളവർ പറയുന്നു. ആരൊക്കെയോ എന്തൊക്കെയോ ചോദിക്കുന്നു. എന്തൊക്കെയോ പറയുന്നു. തലയ്ക്കുള്ളിൽ വല്ലാത്ത ഭാരവുമായി മാധവ് നിന്നു. അവൻ ഒരു അത്ഭുതലോകത്താണ് നാഗങ്ങളുടെ ലോകം. അവർ ചുറ്റും ഫണം വിടർത്തിയാടുന്നു. ഓരോരുത്തരായി നാഗങ്ങൾ മനുഷ്യശരീരം ഉപേക്ഷിച്ച് കളം വിട്ടു.

ബോധത്തിലേക്ക് തിരികെ വരുന്ന. അവരുടെ ശിരസ്സ് തറയിൽ അടിക്കാതിരിക്കാൻ ആളുകൾ ചുറ്റും നിന്ന് സഹായിക്കുന്നു. നാഗറാണിയും പോയിക്കഴിഞ്ഞു. അവൾ കാവിലെ തന്റെ ചിത്രകൂടത്തിനു മുകളിൽ ചുറ്റി പ്പിണഞ്ഞു കിടന്നുകൊണ്ട് അവനെ നോക്കി .

"പിണിയാളായ ഹേമയാകട്ടെ ബോധമറ്റുകിടക്കുന്നു . എല്ലാ നാഗങ്ങളും കളമൊഴിഞ്ഞോ എന്ന് നാഗരാജാവ് നോക്കി .എല്ലാവരും പോയി കഴിഞ്ഞേ നായകൻ പോവുകയുള്ളൂ.

പ്രണയം മായിച്ച കളത്തിനു മുന്നിൽ തളർന്നു കിടന്ന മാധവന്റെ കാലിൽ ആരോ വെള്ളമൊഴിച്ചുണർത്തിയപ്പോൾ അവൻ മാധവായി .കൂട്ടുകാർ ചുറ്റും കൂടി അവർ കളിയാക്കി.

" മാധവാ നീ കാട്ടിക്കൂട്ടിയത് എന്തൊക്കെയാണ് രാസലീലയോ ?
കെട്ടിപ്പിടിക്കുന്നു ,ചുംബിക്കുന്നു, പരസ്പരം ചുറ്റി പിണഞ്ഞ് ഇഴയുന്നു. നാഗ പ്രണയം ലൈവായി കണ്ടതിന്റെ ത്രില്ലിലാ ഞങ്ങൾ. എന്തായാലും നിന്റെ ഒരു ഭാഗ്യമേ"

"ഞാൻ തുള്ളിയോ ?"

മാധവിന് നാണക്കേട് തോന്നി . ഇളഭ്യനായി അവൻ ചുറ്റും നോക്കി. ആരൊക്കെയോ തന്നെ നോക്കി ചിരിക്കുന്നു .കുടുംബക്കാരും കാഴ്ചക്കാരും ആൾക്കൂട്ടത്തിലുണ്ട്.

എടാ നീ നാണിക്കുന്നത് എന്തിനാണ്? നീ അറിഞ്ഞോണ്ടല്ലല്ലോഎല്ലാം സംഭവിച്ചതല്ലേ . "

അനിരുദ്ധൻ അങ്ങനെ പറഞ്ഞപ്പോൾ അല്പം ആശ്വാസം അവന് തോന്നി. കുറച്ച് അപ്പുറം മാറി ഹേമ തളർന്നിരിക്കുന്നുണ്ടായിരുന്നു . വിശ്വമ്മാവൻ തന്നെ തുറിച്ചു നോക്കുന്നത് മാധവ് കണ്ടു.

Edit with WPS Office

" പിള്ളേരെ കൊണ്ടു വരണ്ടാന്ന് ഞാൻ നിന്നോട് നൂറുവട്ടംപറഞ്ഞതാ.നാണക്കേടായിപ്പോൾ സമാധാനം ആയല്ലോ "

വിശ്വമ്മാവൻ ഭാര്യയുടെ നേർക്ക് ചീറി. ക്ഷേത്ര സെക്രട്ടറിയായ ഉണ്ണിച്ചേട്ടൻ അവരെ സാന്ത്വനിപ്പിച്ചു.

"അവൻ അറിയാതെയല്ലേ വിശ്വമ്മാവാ "

" അറിയാതെയോ അടി കിട്ടാഞ്ഞിട്ടാണ്."

ദേഷ്യത്തിന്റെ അടുത്ത നടപടിയായി വിശ്വമ്മാവന്റെ മകൻ ബാബു മാധവിനു നേരെ പാഞ്ഞടുത്തു. അവന്റെ കരണത്തിട്ട് ഒറ്റയടി. മാധവ് വീണുപോയി. ഒരു ചവിട്ടു കൂടി നൽകി. ആരൊക്കെയോ ബാബുവിനെ പിടിച്ചു മാറ്റി തളർന്നുപോയ മാധവ് മണ്ണിൽ പൂണ്ടുകിടന്നു.

മാധവിന്റെ അമ്മ സുധ മകനെ കെട്ടിപ്പിടിച്ചു കരഞ്ഞു.

" എന്റെ മോൻ എന്തു ചെയ്തിട്ടാ അവനെ ഇങ്ങനെ തല്ലിയത് ?നാഗദൈവങ്ങൾ നിങ്ങൾക്ക് അതിന്റെ ശിക്ഷ തന്നോളും. "

ഹേമയെ താങ്ങിപ്പിടിച്ച് കുടുംബ വീട്ടിലേക്ക് കൊണ്ടുപോകുമ്പോൾ ബാബു വീണ്ടും അവനെ തുറിച്ചു നോക്കി.

വൈകിട്ടത്തെ കളം വരച്ച ശേഷം പുള്ളുവർ തങ്ങളുടെ ജോലി തുടർന്നു. അവരുടെ വാദ്യോപകരണങ്ങൾ അന്തരീക്ഷത്തെ കീറിമുറിച്ചു. സ്ത്രീയും പുരുഷനും ആദിമകാലം മുതൽ ഭൂമിയെ സ്വർഗമാക്കി മാറ്റിയ പ്രകൃതിയുടെ നവചേതനകൾ' അവർ പുള്ളോർകുടവും വീണയുമായി വീണ്ടും ആശ്ലേഷിക്കാൻ തുടങ്ങിയിരിക്കുന്നു .

"ഇനി ഇവളെ അങ്ങോട്ട് കൊണ്ടുവരേണ്ട. ഇവിടെ കിടന്നുറങ്ങട്ടെ "

Edit with WPS Office

ഭർത്താവിന്റെ  സംസാരത്തെ  ഖണ്ഡിച്ചുകൊണ്ട് ഭാര്യ തങ്കമണി പറഞ്ഞു.

ഹേമയുടെ പേരിലുള്ള വഴിപാടല്ലേ വിശ്വേട്ടാ... അവളെ കൊണ്ടുപോയില്ലേൽ എങ്ങനാ? രാവിലെ തന്നെ നമ്മൾ തിരിച്ചു പോകില്ലേ? അവളെ ആൾക്കൂട്ടത്തിൽ ഒളിപ്പിച്ചിരുത്താം. ആ പയ്യൻ കാണാതിരുന്നാൽ മതിയല്ലോ"

"ശരി . നിങ്ങൾ കുറച്ചു കഴിഞ്ഞു വന്നാൽ മതി . "

ഹേമക്കും പോകാൻ ഇഷ്ടമില്ലായിരുന്നു ശരീരമാകെ വേദനിക്കുകയാണ്.

ഹേമയും അമ്മയും സർപ്പക്കാവിൽ എത്തുമ്പോൾ സർപ്പം തുള്ളൽ ആരംഭിച്ചിരുന്നു പുള്ളുവരുടെ വാദ്യോപകരണങ്ങൾ അന്തരീക്ഷത്തെ കീറിമുറിച്ചു. ഇത്തവണ കാഴ്ചക്കാർ കൂടുതൽ ഉണ്ടായിരുന്നു. കഴിഞ്ഞ കളത്തിലെ സംഭവം പറഞ്ഞറിഞ്ഞു വന്നവരാവും.

ആൾക്കൂട്ടത്തിൽ ആരും കാണാതെ ഹേമ ഇരുന്നു. നാഗരാജാവ് ഉണർന്നു കണ്ണുകൾ ചുവന്നു .സിൽക്കാരങ്ങൾ ഉയർത്തി .പന്തലിന്റെ തൂണിൽ ബലമായി പിടിച്ചുതന്റെ ശരീരത്തിലേക്ക് ഇഴഞ്ഞു കയറുന്ന  നാഗരാജാവിനെ മാധവ്  കണ്ടു. കളത്തിനു ചുറ്റും ഇഴഞ്ഞു നടക്കുന്ന മാധവനെ ആൾക്കൂട്ടത്തിനിടയിലൂടെ ഹേമ നോക്കി. അവൻ സിൽക്കാരങ്ങൾ ഉയർത്തി ചുറ്റും നോക്കിയപ്പോൾ അവൾ തല കുമ്പിട്ടിരുന്നു

നാഗരാജാവായി മാറിയ മാധവ് തന്റെ നാഗറാണിയെ തിരഞ്ഞു കൊണ്ടിരുന്നു. ഇഴഞ്ഞു നടന്ന അവൻ ഹേമ ഇരിക്കുന്നയിടത്തേക്ക് വിരൽ ചൂണ്ടി. പിന്നെ വശ്യമായി ചിരിച്ചു. നാവുകൾ നീട്ടി. സീൽക്കാരങ്ങൾ ഉയർത്തി. ഇഴഞ്ഞ് മാധവ് ഹേമ ഇരിക്കുന്നയിടത്ത് എത്തിച്ചേർന്നു.

ആളുകൾ എഴുന്നേറ്റ് ഒഴിഞ്ഞുമാറി. ഹേമയെ നോക്കി മാധവ് ചിരിച്ചു  .പിന്നെ ശക്തമായി ചീറ്റി .അവളെ ചേർത്തുപിടിച്ചു കളത്തിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചു

,ആർപ്പോ ഹൊയ് .... ഹൊയ് .... ആൺകുട്ടികൾ അലറി വിളിച്ചു

Edit with WPS Office

വിശ്വമ്മാവനും മകൻ ബാബുവും മാധവിനെ തടഞ്ഞു . പക്ഷേ അപ്പോഴേക്കും അവൾ നാഗറാണിയായി മാറിക്കഴിഞ്ഞിരുന്നു. ഇരുവരും കളത്തിനു ചുറ്റും ആഹ്ലാദത്തോടെ ഓടി നടന്നു. ആലിംഗനം ചെയ്തു . പരസ്പരം പിണഞ്ഞിഴഞ്ഞു.

പുള്ളുവൻ പാട്ടിന്റെ ആരോഹണത്തിൽ ഹേമയുടെ കൈപിടിച്ച് മാധവ് ഓടി. വലിയ സർപ്പക്കുളത്തിലേക്ക് ചാടി .ആളുകൾ ഓടി ചെല്ലുമ്പോൾ ഹേമയും മാധവും കുളത്തിന്റെ മറുകരയിൽ എത്തിയിരുന്നു.

സർപ്പക്കുളത്തിന്റെ മറുകരയിൽ വലിയകാവാണ്. വൻവൃക്ഷങ്ങളും വള്ളിപ്പടർപ്പുകളും നിറഞ്ഞയിടം. വൃക്ഷങ്ങളുടെ വേരുകൾ വെള്ളത്തിലേക്ക് ആഴ്ന്നിറങ്ങിയിട്ടുണ്ട്. വേരുകളെ സ്പർശിക്കാതെയാണ് കുളം വൃത്തി യാക്കിയിരിക്കുന്നത്.

എല്ലാവരെയും നോക്കി മാധവ് ചിരിച്ചു . ഹേമയും. ഇരുവരുടെയും കണ്ണുകൾ തിളങ്ങി.

"അവിടെ വലിയൊരു പൊത്തുണ്ട് അങ്ങോട്ട് കയറാൻ ഇടവരുത്തരുത് ഉണ്ണിച്ചേട്ടൻ വിളിച്ചുപറഞ്ഞു. കളം വൃത്തിയാക്കിയപ്പോൾ ആ വലിയ പൊത്ത് ഉണ്ണിച്ചേട്ടൻ കണ്ടിട്ടുള്ളതാണ്.

കരയിൽ നിന്നവർ ബഹളം വെച്ചു. കുറച്ചുപേർ കുളത്തിലേക്ക് ചാടിയിറങ്ങി . നാഗരാജാവ് നാഗറാണിയെ പുൽകി. നാഗറാണി തന്റെ മുഖം നാഗരാജാവിന്റെ വക്ഷസ്സിൽ ചേർത്തുവെച്ചു. പിന്നെ ഇരുവരും വേരുകൾക്കിടയിലൂടെമാളത്തിലേക്ക് നുഴഞ്ഞുകയറി .

കുളത്തിൽ ചാടിയ ചെറുപ്പക്കാർ പകച്ചു പോയി. അവിടെ വേരുകൾക്കിടയിൽ വലിയ ഒരു മാളം ! ഒരു ഗുഹപോലെ! ഉള്ളിൽ ഇരുട്ട് നിറഞ്ഞിരിക്കുന്നു.

" വലിയ മാളമാണ് അങ്ങോട്ട് പോകാനാവില്ല "

അവരുടെ മുഖം ഭയം കൊണ്ട് നിറഞ്ഞു '

ജെസിബികൾ കാവിളക്കി. മണ്ണിളക്കി. കുളക്കരയിലെ മാളത്തിന് അവസാനമു ണ്ടായിരുന്നില്ല. മാധവിനും ഹേമക്കും പോകാനായി ഭൂമിക്കടിയിൽ ഒരു വഴിവെട്ടിയത് ആരാണെന്ന് ചോദ്യം മാത്രം ഉയർന്നു .

Edit with WPS Office